ളിലും നിലവിലുണ്ട്. വൈകിയെങ്കിലും ഈ പ്രയോജനം ഇന്നാട്ടിലെ ജനങ്ങങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്നു എന്നതാണ് ഒരു നേട്ടം.

2. ഒരു ഉപഭോക്താവിന് വൈദ്യുതി മുടക്കം നേരിട്ടാൽ വൈദ്യുതി ഓഫീസിൽ അറിയിക്കുന്നതിന് തന്റെ കൺസ്യൂമർ നം. മാത്രമാണ്. ഈ കൺസ്യൂമർ നം. മാത്രം അറിയിക്കുക വഴി വീടു സ്ഥിതിചെയ്യുന്ന സ്ഥലം കണ്ടെത്തി വൈദ്യുതി തകരാർ പരിഹരിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. എന്നാൽ കൺസ്യൂമർ നമ്പറിനോടൊപ്പം പോസ്റ്റ് നമ്പരും, കണക്ട് ചെയ്തിരിക്കുന്ന ട്രാൻസ്ഫോമറിന്റെ പേരും കൂടി അറിയിച്ചാൽ കാലതാമസം കൂടാതെ വീട് കണ്ടെത്തി തകരാർ പരിഹരിക്കുന്നതിന് സാധിക്കും.

3. കൺസ്യൂമർ കാർഡിൽ പണ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തുക വഴി വീടു കൈമാറ്റം ചെയ്യുകയും മറ്റും ചെയ്യുന്ന അവസരങ്ങളിൽ വൈദ്യുതി കുടിശ്ശികയോ മറ്റോ ഉണ്ടെന്നുള്ള വസ്തുത മനസ്സിലാക്കാൻ സാധിക്കും.

4. വൈദ്യുതി ബോർഡും ഉപഭോക്താവും തമ്മിലുണ്ടാകുന്ന തർക്കങ്ങളിലും വ്യവഹാരങ്ങളിലും കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് ആധികാരിക രേഖയായി ഉപയോഗിക്കാൻ സാധിക്കും.

5. അഡീഷണൽ ബിൽ അഡീഷണൽ ക്യാഷ് ഡിപ്പോസിറ്റ് തുടങ്ങിയവ അടച്ച വിവരങ്ങൾ കാർഡിൽ രേഖപ്പെടുത്തുന്നതിനാൽ അതിന്റെ വിശദാംശങ്ങൾ അറിയുവാനും ഭാവിയിൽ തെറ്റായി കണക്കാക്കിയ അധിക ചാർജ്ജുകൾ അടയ്ക്കേണ്ടി വരുന്ന ബാദ്ധ്യത പൂർണ്ണമായി ഒഴിവാക്കുവാനും സാധിക്കുന്നു.

6. മീറ്റർ മാറ്റം സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനാൽ ഭാവിയിൽ അധിക ചാർജ്ജോ പിഴയോ തെറ്റായി ഈടാക്കപ്പെടാനുള്ള ബാദ്ധ്യത ഇല്ലാതാകുന്നു.

(സി) കൺസ്യൂമർ കാർഡ് ലഭ്യമാക്കുന്നതിന് ഉപഭോക്താക്കൾക്ക് അറിയാവുന്ന വിവരങ്ങൾ മാത്രം പൂരിപ്പിച്ചു നൽകിയാൽ മതിയെന്നുള്ള വ്യവസ്ഥയിൽ അപേക്ഷാഫാറങ്ങൾ സൗജന്യമായി നല്കിയിട്ടുണ്ട്. പൂരിപ്പിക്കുന്നതിന് ബോർഡ് ഉദ്യോഗസ്ഥർ വേണ്ട സഹായം ചെയ്യുന്നതാണ്. വിശദാംശങ്ങൾ രേഖപ്പെടുത്തിയ കാർഡ് ആധികാരികരേഖയായി ഉപയോഗിക്കാവുന്നതാണ്.

(ഡി) ഉപഭോക്താക്കളുടെ ഭയാശങ്കകൾ ദൂരീകരിക്കുന്നതിനും കൺസ്യൂമർ കാർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ഉൾപ്പെടുത്തി പത്രമാദ്ധ്യമങ്ങൾ വഴി പരസ്യം ചെയ്യുന്നുണ്ട്. കൂടുതൽ ബോധവത്ക്കരണം ആവശ്യമുണ്ടെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രീ-എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം

16 (*635)ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന പ്രീ-എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നൽകിയിരുന്ന പരിശീലന പരിപാടികളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടോ;

(സി) പ്രീ-എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങളിൽ നിന്നും പരിശീലനം പൂർത്തീകരിച്ച് പുറത്തു വന്നവർക്ക് സംസ്ഥാന സർവീസിലേക്ക് നടത്തപ്പെടുന്ന മത്സര പരീക്ഷകളിൽ പ്രതീക്ഷിക്കുന്ന വിജയം കൈവരിക്കാനിടയായിട്ടുണ്ടോ; എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പ്രീ-എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങളിൽ യൂണിവേഴ്സിറ്റി നിലവാരത്തിലുള്ള പരിശീലകരെ നിയോഗിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) പരിശീലന കേന്ദ്രങ്ങളിൽ ഇപ്പോൾ പരിശീലനം നൽകിവരുന്നവരുടെ അക്കാദമിക് യോഗ്യതകൾ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ജി) പ്രീ-എക്സാമിനേഷൻ പരിശീലനകേന്ദ്രങ്ങളിൽ ഹ്രസ്വമായ കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(എച്ച്) എങ്കിൽ ഏതൊക്കെ കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഐ) പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് എന്തൊക്കെ സൗകര്യങ്ങളാണ് നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ)-(സി) ഉണ്ട്.

(ഡി) പ്രീ-എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങളിൽനിന്നും പരിശീലനം പൂർത്തിയാക്കി വരുന്നവർ മത്സര പരീക്ഷകളിൽ പ്രതീക്ഷിക്കുന്ന വിജയം കൈവരിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടൈപ്പറൈറ്റിംഗ് ആന്റ് സ്റ്റനോഗ്രാഫി കോഴ്സിനൊഴികെ മറ്റെല്ലാ പരീക്ഷകളിലും വിജയശതമാനം കുറവാണ്. പരിശീലനം നേടിവരുന്ന കുട്ടികളുടെ നിലവാരവും പരിശീലന നിലവാരവും അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതയും മോശപ്പെട്ട റിസൽട്ടിന് കാരണമാണ്. മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നവരുടെയും ജയിച്ചവരുടെയും കഴിഞ്ഞ മൂന്നു വർഷത്തെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†

(ഇ) യൂണിവേഴ്സിറ്റി നിലവാരത്തിലുള്ള അദ്ധ്യാപകരാണ് ഇപ്പോൾ പരിശീലനം നൽകി വരുന്നത്.

(എഫ്) പോസ്റ്റ് ഗ്രാഡ്വേഷൻ, എം.ഫിൽ, പി.എച്ച്.ഡി. തുടങ്ങിയ യോഗ്യതയുള്ളവരാണ് പഠിപ്പിക്കുന്നത്.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉണ്ട്.

(എച്ച്) ഡെസ്ക് ടോപ്പ് പബ്ലിഷിംഗ് (ഡി.ടി.പി) ഡേറ്റാ എൻട്രി ഓപ്പറേഷൻസ് എന്നീ കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.

(ഐ) പരിശീലനത്തിനായി തെരഞ്ഞടുക്കപ്പെടുന്നവർക്ക് 8 കി.മീ. ഉള്ളിൽ താമസിക്കുന്നവർക്ക് പ്രതിമാസം സ്റ്റൈപ്പന്റായി 100 രൂപയും 8 കി.മീ. പുറത്തുള്ളവർക്ക് 400 രൂപയും നൽകി വരുന്നു. ഒന്നോ അതിലധികമോ ദൈർഘ്യമുള്ള കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 5% സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

ജലസേചനവകുപ്പിലെ ടെണ്ടർ നിബന്ധനകൾ

17 (*636)<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> :

<u>ശ്രീ. ടി.എം. ജേക്കബ് :</u>

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പി, സിമന്റ് തുടങ്ങിയ നിർമ്മാണ സാമഗ്രികൾ സുലഭമായി കിട്ടാൻ ബുദ്ധിമുട്ട് വന്നതുകൊണ്ടും വില വളരെ കൂടുതൽ നല്കേണ്ടി വന്നതു കൊണ്ടുമാണോ ആദ്യകാലത്ത് ഡിപ്പാർട്ടുമെന്റ് തന്നെ നിർമ്മാണ പ്രവർത്തനത്തിന് പ്രസ്തുത സാധനങ്ങൾ നല്കി വന്നിരുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ജലസേചനവകുപ്പും പൊതുമരാമത്തും വകുപ്പും ഒരു വകുപ്പിന്റെ കീഴിലായിരുന്നകാലത്ത് നിർമ്മാണപ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുമ്പോൾ ഡിപ്പാർട്ടുമെന്റിന്റെയും കരാറുകരാന്റെയും ഉത്തരവാദിത്വങ്ങൾ എന്തായിരുന്നു എന്ന് എഗ്രിമെന്റിൽ പ്രതിപാദിക്കാറുണ്ടായിരുന്നോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ജലസേചനവകുപ്പിൽ ഇപ്പോൾ ടെണ്ടർ സംബന്ധമായി തുടർന്നുവരുന്ന രീതികൾ എന്തെല്ലാമാണ്.?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> :

(എ) കമ്പി, സിമന്റ് മുതലായവ പൊതുമാർക്കറ്റിൽ സുലഭമാക്കി ലഭിച്ചാലും അവയുടെ ഗുണനിലവാരം നിർദ്ദിഷ്ടപ്രകാരം ഉപയുക്തമാക്കാൻ ഉള്ള സംവിധാനം കുറവായതിനാൽ ആദ്യകാലഘട്ടങ്ങളിൽ പ്രസ്തുത സാമഗ്രികൾ സർക്കാർ തന്നെ നേരിട്ട് എടുത്ത് കരാറുകാർക്ക് കൊടുക്കുകപതിവായിരുന്നു. മാത്രമല്ല, ആ കാലഘട്ടത്തിൽ കമ്പിയുടെയും സിമന്റിന്റെയും വിലയ്ക്ക് നിയന്ത്രണവുമുണ്ടായിരുന്നു. അവ സർക്കാർ നേരിട്ട് വാങ്ങിയാൽ പണികളുടെ മൊത്തം അടങ്കൽ തുകയിൽ വളരെ കുറവുണ്ടാകുമായിരുന്നു.

(ബി) ജലസേചനവും പൊതുമരാമത്തു വകുപ്പും ഒറ്റ വകുപ്പായിരുന്ന കാലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുമ്പോൾ ഡിപ്പാർട്ടുമെന്റിന്റെയും കരാറുകാരന്റെയും ഉത്തരവാദിത്വങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് എഗ്രിമെന്റിൽ പ്രതിപാദിക്കാറുണ്ടായിരുന്നു. ഈ ഡിപ്പാർട്ടുമെന്റുകൾ രണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

1. പട്ടികജാതി-പട്ടികവർഗ്ഗ വിഹിതത്തിന്റെ സിംഹഭാഗവും ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയ സാഹചര്യത്തിൽ അവ വേണ്ടവിധത്തിൽ പ്രയോജനപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചറിയാൻ മുഖ്യമന്ത്രി ചെയർമാനും, വകുപ്പു മന്ത്രി അംഗവുമായുള്ള ഒരു റിവ്യൂ കമ്മിറ്റി രൂപീകരിക്കും.

2. പട്ടികജാതി/പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയിൽ സംസ്ഥാന ഉപദേശക സമിതി അംഗങ്ങളെ കൂടി ഉൾപ്പെടുത്തുക.

3. എയ്ഡഡ് സ്കൂളുകൾ അടക്കം സർക്കാർ ഗ്രാന്റ് ലഭിക്കുന്ന എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലും സംവരണം ഏർപ്പെടുത്തുക.

4. പ്രവേശന പരീക്ഷകളിലൂടെയുള്ള തെരഞ്ഞെടുപ്പിൽ സംവരണം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

5. അംബേദ്ക്കർ, ഐ.എച്ച്.ഡി.പി. കോളനികളിൽ പൂർത്തീകരിക്കുവാൻ ബാക്കിയുള്ള പദ്ധതികൾ പൂർത്തീകരിക്കുക.

6. പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പോലീസ് സർക്കിൾ തലത്തിൽ പ്രവർത്തിച്ചിരുന്ന കമ്മിറ്റികൾ പുനരുജ്ജീവിപ്പിക്കുക.

7. ആശ്രിത നിയമനത്തിന് പട്ടികവിഭാഗക്കാരെ വരുമാനപരിധിയിൽ നിന്നും ഒഴിവാക്കുക.

8. വിവാഹം/ചികിൽസാ ധനസഹായം എന്നിവ അപേക്ഷ ലഭിച്ചാലുടൻ നൽകുക.

9. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഉപദേശക സമിതികളിൽ പട്ടികജാതി-പട്ടികവർഗ്ഗ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുക.

10. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വികസന പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്നവർക്ക് എതിരെ നടപടികൾ സ്വീകരിക്കുക.

അനുബന്ധം IV

(28.3.2000-ത്തിലെ ചോദ്യം 16 (*635)-ന്റെ ഉത്തരം ദയവായി കാണുക.)

PRE EXAMINATION TRAINING CENTRE, THIRUVANANTHAPURAM

Year	Name of course	No.of students	No.of students passed
1996-97	BSRB	48	12
97-98	"	51	03
98-99	"	28	10
99-2000	"	18	Result not published
1996-97	Staff Selection Commission	05	02
97-98	"	08	03
98-99	"	32	08
99-2000	"	25	*

LIBRARY ARCHIVES Kerala Legislative Assembly

1996-97	SBI probationary Officer	09	03
97-98	"	..	..
98-99	"	..	..
99-2000	"	10	*
1996-97	KPSC Various	19	05
97-98	"	15	5
98-99	"	60	20
99-2000	"	109	....
1996-97	Stenography	..	..
97-98	"	32	11
98-2000	"	32	..
1996-97	Medical/Engineering	46	10
97-98	"	38	07
98-99	"	36	08
1996-97	Typewriting	Nil	..
97-98	"	32	30
98-99	"	32	Result not published

P.E.T.C. ERNAKULAM

Year	Name of Course	No.of Students	No.of students passed
1996-97	SSC Inspector Central Excise	13	01
	Medical Entrance	50	08
	Engineering Entrance	11	03
	Police Constable	96	18
	LLB Entrance	10	01
	KSEB Asst.Cashier/Clerk	26	02
	SSC Clerk	18	03
	BSRB	74	12
	SSC Stenography	25	0
	Stenography	35	35(4)
1997-98	Medical Entrance	17	*
	Engineering Entrance	05	02

LIBRARY ARCHIVES Kerala Legislative Assembly

	LLB Entrance	11	03
	BSRB	79	05
	Engg. Entrance	07	*
	Medical Entrance	41	*
1998-99	Medical Entrance	41	01
	Engineering "	07	03
	L.D. Clerk	74	*
	SSC Clerk	70	*
	Excise Guard	13	*
	Forest Guard	10	*
99-2000	Villageman	10	*
	Medical Entrantance	38	02
	Engg. Entrance	21	04
	S.S.C. Clerk grade	35	*
	Reserve Conductor	20	*
	Bill Collector	10	*
	BSRB Clerk Grade	88	*
	Village extension officer	24	*
	Probationary Officer	18	*
	Secretariat Assistant	05	*

* Result not available

Pre-Examination Training Centre, Kozhikode

Year	Sl. No.	Examination for which coaching was given	No.of students coached	No.of stduents succeeded
1996-97	1.	SSC, Inspectors of Central Excise.	14	Nil
	2.	MBBS/Eng.Entrance exam.	40	01
	3.	Two year stenography course	40	27
	4	KPSC Police constable exam.	77	12
	5	LLB. Entrance exam.	04	01
	6.	SSC Clerks Grade Exam.	30	nil
	7	BSRB Clerks Grade Exam.	51	01
1997-98	1	MBBS/Engg. Entrance	20	06

LIBRARY ARCHIVES Kerala Legislative Assembly

		Exam.		
	2	BSRB Exam.	53	nil
1998-99	1	Two Year Stenography	40	course continuing
	2	MBBS/Engg. Entrance Exam.	17	05
	3	KPSC L.D.Clerk Exam.	05	*
	4	KPSC L.D.Clerk Exam.	67	*
	5	SSC L.D.Clerk Grade Exam.	52	*
	6	BSRB Clerks Grade Exam.	48	nil
	7	KPSC Village Man Exam.	13	*

അനുബന്ധം V

(28.3.2000-ത്തിലെ ചോദ്യം 23 (*642)-ന്റെ ഉത്തരം ദയവായി കാണുക.)

ട്രെയിനിംഗ് മാനുവൽ അനുസരിച്ച് താഴെ പറയുന്ന ചുമതലകൂടി സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിനുണ്ട്.

1. എഞ്ചിനീയറിംഗ് നോൺ എഞ്ചിനീയറിംഗ് ട്രേഡുകൾക്ക് നാഷണൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുക.

2. നാഷണൽ കൗൺസിൽ എടുക്കുന്ന തീരുമാനങ്ങളും പ്രവർത്തന പദ്ധതികളും, കോഴ്സുകളുടെ സിലബസുകൾ, ഉപകരണങ്ങൾ, കോഴ്സുകളുടെ കാലയളവ്, കോഴ്സുകളിൽ ഉൾക്കൊള്ളിക്കാവുന്ന സീറ്റുകളുടെ പരിധി, ട്രെയിനിംഗ് നടത്തേണ്ട രീതി എന്നിവ നടപ്പിൽ വരുത്തുക.

3. വൊക്കേഷണൽ ട്രേഡുകളുടെ പരീക്ഷാ നടത്തിപ്പിനായി പരീക്ഷാ ബോർഡ് രൂപീകരിക്കുക.

4. നാഷണൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള നിലവാരത്തിലാണോ ഐ.ടി.ഐ.കളിലും ഐ.ടി.സി.കളിലും ട്രെയിനിംഗ് നടത്തുന്നതെന്ന് പരിശോധിച്ചു വിലയിരുത്തുക.

5. സ്റ്റേറ്റ് കൗൺസിൽ ഉപദേശകരായി ആളുകളെ തിരഞ്ഞെടുക്കുക.

6. നാഷണൽ കൗൺസിൽ തീരുമാനിച്ച യോഗ്യതയുള്ള ജീവനക്കാരെ വിവിധ ട്രേഡുകളിൽ ലഭിക്കാതെ വന്നാൽ യോഗ്യതയിൽ കുറവു വരുത്തി ജീവനക്കാരെ നിയമിക്കുക.

7. നാഷണൽ കൗൺസിലിന്റെ നിർദ്ദേശങ്ങൾ പ്രകാരമാണോ സംസ്ഥാന പരീക്ഷാ ബോർഡ് പരീക്ഷകൾ നടത്തുന്നതെന്ന് ഉറപ്പുവരുത്തുക.

8. കോഴ്സുകൾ പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് നാഷണൽ ട്രേഡു സർട്ടിഫിക്കറ്റ് മേലൊപ്പിട്ടു നൽകുക.

9. അധികമായി ഉണ്ടാകുന്ന ട്രെയിനിംഗ് പ്രോഗ്രാമുകൾക്ക് ആവശ്യമായി വരുന്ന അധിക ട്രെയിനിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ശുപാർശ നൽകുക.

10. വിവിധ ട്രെയിനിംഗ് സ്കീമുകളുടെ നടത്തിപ്പിനാവശ്യമായി വരുന്ന ചെലവുകൾ സർക്കാരിനെ അറിയിക്കുക.

11. സർക്കാർ നിർദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തുക.

LIBRARY ARCHIVES Kerala Legislative Assembly